"ഭരണഭാഷ-മാതൃഭാഷ"

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 02-08-2023

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

**സർക്കുലർ നം 24**

മയക്കുമരുന്നിൻറെ ഉപയോഗവും വിതരണവും സമൂഹത്തിൽ ക്രമാതീതമായി വർദ്ധിച്ച് വരുന്നതായാണ് സമീപ കാലത്തെ പല സംഭവങ്ങളും വെളിപ്പെടുത്തുന്നത്.

ഈ സാഹചര്യത്തിൽ മയക്കു മരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്ക് ശിക്ഷ അനുഭവിക്കുന്നവർക്ക് സാധാരണ അവധി, അടിയന്തിര അവധി എന്നിവ അനുവദിക്കുന്നത് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതിനും കുറ്റകൃത്യത്തിൻറെ ഗൗരവം ലഘൂകരിക്കുന്നതിനും കേസുകൾ വർദ്ധിക്കുന്നതിനും വരും തലമുറയെ ദോഷമായി ബാധിക്കുന്നതിനും കാരണമാകും.

ആയതിനാൽ ഇത്തരം തടവുകാരെ ശിക്ഷാ കാലയളവ് അവസാനിക്കും വരെ സമൂഹത്തിൽ നിന്നും മാറ്റി നിർത്തുന്നതിനായി 2014 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ ഭേദഗതി ചെയ്ത് ഇത്തരം തടവുകാർക്ക് അനുവദിച്ചുവരുന്ന അവധി, അടിയന്തിര അവധി എന്നിവ നിർത്തലാക്കുന്നതിന് സ.ഉ.(അച്ചടി) നം.62/2023/ആഭ്യന്തരം തീയതി: 14/07/2023 എന്ന സർക്കാർ ഉത്തരവിലൂടെ സർക്കാർ തീരുമാനിച്ചിരിക്കുന്നു.

ചട്ടങ്ങളുടെ ഭേദഗതി ചുവടെ ചേർക്കും പ്രകാരമാണ്.
2014 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിൽ

1. 397-ാം ചട്ടം (എൽ) ഖണ്ഡം (V) -ാം ഉപ ഖണ്ഡത്തിനു ശേഷം താഴെ പറയുന്ന ഉപ ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :-

" (V1) 1985 –ലെ നാർക്കോട്ടിക് ഡ്രഗ്സ് ആൻറ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്റ്റിൻ കീഴിൽ മയക്കു മരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്ക് ശിക്ഷിക്കപ്പെട്ട തടവുകാർ",

1. 400-ാം ചട്ടം (7)-ാം ഉപ ചട്ടം (IV)–ാം ഖണ്ഡത്തിനു ശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ് , അതായത് :-

" (V) 1985 –ലെ നാർക്കോട്ടിക് ഡ്രഗ്സ് ആൻറ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്റ്റിൻ കീഴിൽ മയക്കു മരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്ക് ശിക്ഷിക്കപ്പെട്ട തടവുകാർ,"

മേൽ ചട്ടങ്ങൾക്ക് 2023–ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാവുന്നതാണ്.

മയക്കുമരുന്നുമായി ബന്ധപ്പെട്ട് ശിക്ഷയിൽ കഴിയുന്ന തടവുകാർക്കുള്ള അവധി അപേക്ഷ കൈകാര്യം ചെയ്യുന്നതിൽ സൂപ്രണ്ടുമാർ അതീവ ശ്രദ്ധ ചെലുത്തേണ്ടതും, ടി വിഭാഗത്തിൽ ശിക്ഷയിൽ കഴിയുന്ന തടവുകാർ മേൽ ചട്ടത്തിൻറെ പരിധിയിൽ വരുന്നതിനാൽ ഇത്തരക്കാരുടെ സാധാരണ അവധി, അടിയന്തിര അവധി എന്നിവയ്ക്കുള്ള അപേക്ഷ പരിഗണിക്കാൻ പാടില്ലാത്തതുമാണ്.

ടി ചട്ടങ്ങൾ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സിനു വേണ്ടി

സ്വീകർത്താവ് :   എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും

പകർപ്പ്    :  ജയിൽ വെബ് സൈറ്റ്/ഓഫീസ് കോപ്പി/കരുതൽ ഫയൽ

WP1-23100/2023/PrHQ    4bc42f